6. അത്യാധുനിക വയർലെസ് സെറ്റുകളും, ഡേറ്റാ പ്രോസസർ, വേർഡ് പ്രോസസർ ഇലക്ട്രോ കോപ്പിയർ, ക്യാമറ, പ്രൊജക്ടർ കമ്പ്യൂട്ടർ, ഉപകരണങ്ങളും മുതലായവയും വാങ്ങിയിട്ടുണ്ട്.

(ബി) സ്മാർട്ട്നസ് അലവൻസ്, ബാറാലിയൻ അലവൻസ്, ട്രാഫിക് പോയിൻറ് ഡ്യൂട്ടി അലവൻസ്, സൈക്കിൾ അലവൻസ്, ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി, വാട്ടർചാർജ് അലവൻസ്, സ്പെഷ്യൽ പോലീസ് അലവൻസ്, ഹൗസ്റെൻറ് അലവൻസ്, ഫീഡിംഗ്, ചാർജ് അലവൻസ്, റിസ്ക് അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഒരു പോലീസ് ക്ഷേമനിധിയും ഭവന നിർമ്മാണത്തിന് സഹകരണ ഭവന നിർമ്മാണ സംഘവും രൂപീകരിച്ചിട്ടുണ്ട്.

മതപരിവർത്തനം നടത്തിയിട്ടുള്ള പട്ടികജാതി—പട്ടികവർഗ്ഗക്കാർ

* 406. [439] ശ്രീ. കെ. പി. പ്രഭാകരൻ :
ഡോ. എ. സുബ്ബാറാവു :
ശ്രീ. പി. കുമാരൻ :
,, കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ മതപരിവർത്തനം നടത്തിയിട്ടുണ്ടെന്ന് അറിയുമോ ;

(ബി) ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നുണ്ട് ;

(സി) ഇതിനുവേണ്ടി രൂപീകരിച്ച കോർപ്പറേഷൻറെ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ഡി) ക്രിസ്ത മതത്തിലേക്ക് പരിവർത്തനം ചെയ്ത ഹരിജന-ഗിരിജന വിഭാഗങ്ങളെ പട്ടികജാതി-പട്ടികവർഗ്ഗങ്ങളായി പ്രഖ്യാപിക്കണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) വിവരം ലഭ്യമല്ല.

(ബി) മതപരിവർത്തനം നടത്തിയ പട്ടികവർഗ്ഗക്കാർക്ക് നേരത്തെ നൽകിയിരുന്ന എല്ലാ ആനുകൂല്യങ്ങളും തുടർന്നും നൽകുന്നുണ്ട്. മതപരിവർത്തനം നടത്തിയ (ക്രിസ്തുമതം സ്വീകരിച്ചവർക്ക്) പട്ടികജാതിക്കാർക്കാകട്ടെ ഒ. ബി. സി. യായി കണക്കാക്കി സർക്കാർ സർവ്വീസിലെ നിയമനകാര്യത്തിലും പ്രൊഫഷണൽ കോഴ്സുകളിലേക്കും ബിരുദാനന്തര കോഴ്സുകളിലേക്കും ഉള്ള പ്രവേശനകാര്യത്തിലും സംവരണാനുകൂല്യവും കൂടാതെ നേരത്തെ ലഭിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും വ്യാവസായിക വായ്പ, ഭവന നിർമ്മാണ വായ്പ, വക്കീലൻമാർക്കുള്ള ഗ്രാൻറ്, വായ്പ എന്നിവയും കൃഷിഭൂമി വാങ്ങുന്നതിനും വാങ്ങുന്നതിനും വിദേശത്തു ജോലി സമ്പാദിക്കുന്നതിനും ഒക്കെയുള്ള വായ്പകളും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭവന നിർമ്മാണ പദ്ധതി, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും കൃഷിഭൂമി വാങ്ങുന്നതിനും ഓട്ടോറിക്ഷ വാങ്ങുന്നതിനും വിദേശത്ത് ജോലി സമ്പാദിക്കുന്നതിനും വായ്പ നൽകുന്ന പദ്ധതികളും എന്നിവ നടപ്പാക്കുകയാണ് ഈ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം.

(ഡി) ഉണ്ട്.

(ഇ) ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് പട്ടികജാതിക്കാർ ഹിന്ദുമത വിശ്വാസികളോ സിക്കുമത വിശ്വാസികളോ ആയിരിക്കണം എന്നതുകൊണ്ട് ഈ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല.

മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ

* 407. [435] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി ;

(സി) ഇതിന്റെ ഫലമായി എത്ര മൽസ്യത്തൊഴിലാളികൾക്ക് ഗുണം കിട്ടി ;

(ഡി) അവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻവഴി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) പുതിയ പദ്ധതികളൊന്നും മൽസ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻ വഴി നടപ്പിലാക്കിയിട്ടില്ല. എന്നാൽ നിലവിലുണ്ടായിരുന്ന ചില പദ്ധതികൾ തുടർന്നു, നടപ്പിലാക്കുന്നുണ്ട്.

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമുൻപ് നിലവിലുണ്ടായിരുന്ന പദ്ധതികൾ അനുസരിച്ച് ഏകദേശം 23,000 മൽസ്യത്തൊഴിലാളികൾക്ക് ഗുണം കിട്ടിയിട്ടുണ്ട്.

(ഡി)

തിരുവനന്തപുരം	...	2475
കൊല്ലം	...	2047
ആലപ്പുഴ	...	5193
കോട്ടയം	..	106
എറണാകുളം	..	2325
പാലക്കാട്	...	42
തൃശ്ശൂർ	..	1818
മലപ്പുറം	..	2121
കോഴിക്കോട്	..	5150
കണ്ണൂർ	..	1723

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ്

* 408. [436] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :

,, പി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly